(ഡി) ഇപ്പോൾ തന്നെ കിഴക്കേക്കോട്ടയിൽ നിന്ന് 5.20 -ന് ഒരു സിറ്റി ബസ് വെഞ്ഞാറമൂട്ടിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. പുതുതായി സർവ്വീസ് അനുവദിക്കാൻ ബസ്സിന്റെ അപര്യാപ്തത മൂലം നിർവ്വാഹമില്ല.

**73 (1114) കെ.എസ്.ആർ.ടി.സി ക്കുവേണ്ടി സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ**

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപ ഏതെല്ലാം ബാങ്കുകളിൽനിന്നും ഇതിനകം കടം എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുപയോഗിച്ച് എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര കോടി രൂപ വായ്പയിനത്തിൽ സഹകരണ ബാങ്കുകൾക്ക് നാളിതുവരെ തിരിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും രണ്ടുകോടി എൺപത്തി ഏഴുലക്ഷം രൂപയുടെ വായ്പ ലഭിച്ചിട്ടുണ്ട്.

(സി) മുപ്പതു ബസുകൾ വാങ്ങിയിട്ടുണ്ട്.

(ഡി) വായ്പയിനത്തിൽ നാളിതുവരെ മൂലധന തിരിച്ചടവിനായി 7,59,83/-രൂപയും പലിശയിനത്തിൽ 3,41,664/-രൂപയും തിരിച്ചു നൽകിയിട്ടുണ്ട്.

**74 (1115) കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിന് ചർച്ച**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഡിപ്പോയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ഗതാഗത വകുപ്പുമന്ത്രി ആലപ്പുഴയിൽ യോഗം വിളിച്ചുകൂട്ടിയിരുന്നോ;

(ബി) എങ്കിൽ യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) യോഗത്തിൽ കൈക്കൊണ്ട എന്തെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അനാസ്ഥ കാണിക്കുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) വിളിച്ചുകൂട്ടിയിരുന്നു.

(ബി) ആലപ്പുഴ യൂണിറ്റിലേക്ക് പുതിയ അഞ്ചു ബസ്സുകൾ അനുവദിക്കുക. എടത്വാ-ആമ്പലപ്പുഴ റൂട്ടിലെ കാൻസലേഷൻ ഒഴിവാക്കുക, തോപ്പുംപടി-ചേർത്തല, തോപ്പുംപടി-വൈറ്റില എന്നീ റൂട്ടുകളിൽ കഴിയുന്നത്ര ഓർഡിനറി സർവ്വീസുകൾ ഓടിക്കുക, റയിൽവേ സ്റ്റേഷനിൽനിന്നും കണക്ഷൻ സർവ്വീസ് ഓടിക്കുക, ബസ് സ്റ്റാൻഡ് ടാർ ചെയ്യുക, ഡ്രെയിനേജ് സിസ്റ്റം നന്നാക്കുന്നതിനുള്ള പണി ചെയ്യുക. യാത്രക്കാർക്കുവേണ്ടി ക്ലോക്ക് റൂം, ടോയിലറ്റ് ഉൾപ്പെടുന്ന ഒരു കെട്ടിടം പണിയുക, ഗ്യാരേജിന്റെ അറ്റകുറ്റപണികൾ ചെയ്യുക തുടങ്ങിയവായിരുന്ന തീരുമാനങ്ങൾ യാത്രക്കാർക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പണം എം.പി. ഫണ്ടിൽനിന്നും അനുവദിക്കാമെന്നും തീരുമാനമായിട്ടുണ്ട്.

(സി) യോഗ തീരുമാനപ്രകാരം ആലപ്പുഴയിലേക്ക് അഞ്ചു ബസ്സുകൾ നൽകി, എടത്വാ-അമ്പലപ്പുഴ റൂട്ടിലെ കാൻസലേഷൻ ഒഴിവാക്കി ബസ്സോടിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തോപ്പുംപടി-ചേർത്തല, തോപ്പുംപടി-വൈറ്റില എന്നീ റൂട്ടുകളിൽ കഴിയുന്നത്ര ഓർഡിനറി ബസുകൾ ഓടിക്കുവാൻ ആലപ്പുഴയിലേയും, ചേർത്തലയിലേയും യൂണിറ്റാഫീസർമാർക്ക് നിർദ്ദേശം നൽകി. റെയിൽവേ സ്റ്റേഷനിൽനിന്നും കണക്ഷൻ സർവ്വീസുകൾ ഓടിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ബസ് സ്റ്റേഷൻ യാർഡ് ടാർ ചെയ്യുന്നതിനുവേണ്ടി 273000/-രൂപയുടെ ജോലി 3.2.2000-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ജോലിക്കു കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടായിട്ടില്ല. എം.പി. ഫണ്ടുപയോഗിച്ച് യാത്രക്കാർക്കായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ജില്ലാ നിർമ്മിതികേന്ദ്രം വഴിയാണ് നടപ്പിലാക്കുന്നത്. കഴിഞ്ഞ ജനുവരി 10-ാം തീയതി ആലപ്പുഴ എം.പി. നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതനുസരിച്ച് നിർമ്മാണചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബസ് സ്റ്റേഷനിലെ ഓടകൾ നന്നാക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. യാർഡ് ടാറിംഗിന് പകരം സിമന്റ് കോൺക്രീറ്റ് യാർഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) യോഗ തീരുമാനങ്ങൾ എല്ലാംതന്നെ നടപ്പിൽ വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly